"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ഉദ്യോഗസ്ഥ-ഭരണപരിഷ്കാരവകുപ്പ് - കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ചെയർമാൻ, അഡ്മിനിസ്ട്രേറ്റീവ് അംഗങ്ങൾ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റ്/പ്രൈവറ്റ് സെക്രട്ടറി തസ്തികകളിൽ പുനർനിയമന അടിസ്ഥാനത്തിൽ നിയമനം നൽകിയ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാറുടെ നടപടി സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(ജനറൽ) വകുപ്പ്

സ.ഉ.(കൈ) നം.11/2026/P&ARD തീയതി,തിരുവനന്തപുരം, 04-03-2026

പരാമർശം:- കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാറുടെ 24/03/2025, 07/08/2025 എന്നീ തീയതികളിലെ 710/A1/2021/KAT(1) നമ്പർ കത്തുകൾ.

**ഉത്തരവ്**

സ്ഥാനക്കയറ്റത്തിന് യോഗ്യരായ ഉദ്യോഗസ്ഥരുടെ ലഭ്യതക്കുറവും ഹൈക്കോടതിയിൽ നിന്നുള്ള ഡെപ്യൂട്ടേഷൻ ശ്രമങ്ങൾ പരാജയപ്പെട്ടതും കാരണം, കേരള ഹൈക്കോടതിയിൽ നിന്നും പ്രൈവറ്റ് സെക്രട്ടറിമാരായി വിരമിച്ച ശ്രീമതി പി.കെ. ബേബി അനിതയെ 19/03/2025 മുതൽ 18/03/2026 വരെയും ശ്രീമതി ആർ. ആനന്ദവല്ലിയെ 04/08/2025 മുതൽ 03/08/2026 വരെയും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ ചെയർമാന്റെ അംഗീകാരത്തോടെ പുനർനിയമന അടിസ്ഥാനത്തിൽ നിയമിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാറുടെ നടപടി സാധൂകരിക്കുന്നതിനായി പരാമർശം പ്രകാരം കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാർ ശുപാർശ സമർപ്പിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ചെയർമാൻ/അഡ്മിനിസ്ട്രേറ്റീവ് അംഗങ്ങൾ എന്നിവരുടെ പേഴ്സണൽ അസിസ്റ്റന്റ്/പ്രൈവറ്റ് സെക്രട്ടറിയായി ശ്രീമതി പി.കെ. ബേബി അനിതയെയും ശ്രീമതി ആർ. ആനന്ദവല്ലിയെയും യഥാക്രമം 19/03/2025 തീയതി മുതലും 04/08/2025 തീയതി മുതലും പുനർ നിയമന അടിസ്ഥാനത്തിൽ ഒരു വർഷത്തേയ്ക്കോ അല്ലെങ്കിൽ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സ്റ്റാഫ് (റിക്രൂട്ട്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവീസ്) റൂൾസ്, 2019 പ്രകാരം പേഴ്സണൽ അസിസ്റ്റന്റ്/ പ്രൈവറ്റ് സെക്രട്ടറി തസ്തികയിൽ പി.എസ്.സി. മുഖേന നിയമനം നടത്തുന്നതുവരെയോ, അല്ലെങ്കിൽ തുടർ ഉത്തരവ് വരെയോ, ഏതാണോ ആദ്യം അതുവരെ എന്ന വ്യവസ്ഥയ്ക്ക് വിധേയമായി നിയമിച്ച കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ രജിസ്ട്രാറുടെ നടപടി, 'ഭാവിയിൽ ഇത്തരത്തിൽ പുനർനിയമനം അനുവദിക്കുന്നതല്ലായെന്നും പകരം ആവശ്യമെങ്കിൽ കരാർ വ്യവസ്ഥയിലുള്ള നിയമനം നടത്തേണ്ടതാണെന്നുമുള്ള' കർശന നിർദ്ദേശത്തിന് വിധേയമായി സാധൂകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്

അഡീഷണൽ ചീഫ് സെക്രട്ടറി

രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം.
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (23/10/2025 -ലെ 3281517/EXP-B4/75/2025-FIN നമ്പർ പ്രകാരം)
പൊതുഭരണ (എസ്.സി) വകുപ്പ്
വിവരവും പൊതുജന സമ്പർക്കവും (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി (GENL-2/36/2025-PandARD)

ഉത്തരവിൻ പ്രകാരം

Signed by
Dhanya.k.s
സെക്ഷൻ ഓഫീസർ
Date: 05-03-2026 10:23:06